بسم الله الرحمن الرحيم

# SPECIAL MESSAGE OF THE KHALIFATULLAH HAZRAT MUNIR AHMAD AZIM (ATBA)

## ON THE OCCASION OF THE ANNUAL JALSA SALANA OF THE KERALA JAMAAT MATHRA-SOUTH KERALA

*(Specially Made for 23 December 2014)*

**ഖലീഫത്തുല്ലയുടെ പ്രത്യേക സന്ദേശം**

***(2014 ഡിസംബർ 22 – 23 തീയതികളിൽ, മാത്ര നൂറുൽ ഇസ്‌ലാം മസ്ജിദിൽ വച്ചു നടക്കുന്ന ദക്ഷിണ കേരള ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്ത് ഖലീഫത്തുല്ല ഹസ്രത്ത് മുനീർ അഹ്മദ് അസീം സാഹിബ് (അ) നടത്തിയ പ്രഭാഷണം)***

കേരള ജമാഅത്തിലെ എന്റെ പ്രിയപ്പെട്ട സഹോദരി, സഹോദരന്മാരെ, കുഞ്ഞുങ്ങളെ, അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹു.

ദക്ഷിണ കേരളത്തിലെ മാത്രയിൽ വച്ചു നടക്കുന്ന ജൽസാസലാനയിൽ, നിങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കാൻ കഴിയുന്നതിൽ, എനിക്ക് അതിയായ സന്തോഷമുണ്ട്. ഞാൻ നിങ്ങളിൽ നിന്ന് വളരെ അകലയായിരിക്കാം. എന്നാലും എന്റെ ഹൃദയത്തിലും എന്റെ ചിന്തകളിലും പ്രാർത്ഥനകളിലും നിങ്ങൾ എപ്പോഴും ഉള്ളവർ തന്നെയാണ്.

ഇന്ന് ഞാൻ പ്രഭാഷണത്തിനായ് തെരഞ്ഞെടുത്തിരിയ്ക്കുന്നത് ഭക്തജീവിതത്തിൽ ആത്മാർത്ഥതയുടെ പ്രാധാന്യം എന്ന വിഷയമാണ് – വിശ്വാസികൾ, തങ്ങളുടെ വിശ്വാസ കാര്യങ്ങളിൽ സത്യസന്ധത എപ്പോഴും പുലർത്തേണ്ടതാണ്. എന്റെ പ്രിയപ്പെട്ടവരെ, ആയിരക്കണക്കിന് പരീക്ഷണങ്ങളെ നിങ്ങൾ അഭിമുഖീകരിച്ചേക്കും. എന്നാൽ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുകയും ആ വിശ്വാസത്തിൽ ഉറച്ച് നിൽക്കുകയും, ആ വിശ്വാസത്തെ പ്രചരിപ്പിക്കാൻ അശ്രാന്ത പരിശ്രമം നടത്തുകയും ചെയ്യുമ്പോൾ അല്ലാഹു (ത) നിങ്ങളുടെ അടുത്ത സുഹൃത്തും സഹായിയും ആയി മാറുകയും ജീവിത പ്രശ്നങ്ങളിൽ സഹായഹസ്തം നീട്ടുകയും ചെയ്യും.

നിങ്ങൾ ജീവിക്കുന്ന ഈ കാലം ഒരു സാധാരണ കാലമല്ല. അല്ലാഹു (ത) നിങ്ങളെ തെരഞ്ഞെടുത്തിരിയ്ക്കുന്നു. നിങ്ങൾക്കവൻ മാർഗ്ഗദർശനം ചെയ്ത് അവന്റെ ജമാ അത്തിനുള്ളിൽ പ്രവേശിപ്പിച്ചിരിയ്ക്കുന്നു. അവന്റെ ദൂതനും ഖലീഫത്തുല്ലയും ആയിട്ടുള്ള വ്യക്തിയുടെ നേതൃത്വത്തിൻ കീഴിൽ ആക്കിയിരിക്കുന്നു. നിങ്ങൾ സാധാരണക്കാരല്ല. നിങ്ങളുടെ വിനയം കാരണം നിങ്ങൾ വെറും സാധാരണക്കാരാണ് എന്നു നിങ്ങൾ കരുതും. എന്നാൽ, തീർച്ചയായും നിങ്ങൾ വ്യത്യസ്തരാണ്. നിങ്ങൾ ഓരോരുത്തരും പ്രത്യേക കഴിവുകളും യോഗ്യതകളും ഉള്ളവരാണ്. അല്ലാഹുവിന്റെ സന്ദേശവും ദീനും ലോകം മുഴുവൻ പ്രചരിപ്പിക്കുവാൻ അനുയോജ്യമായ കഴിവുകൾ നന്നായി പ്രയോജനപ്പെടുത്തുക.

എന്റെ പ്രിയപ്പെട്ടവരെ ! ഒരു കാര്യം ശ്രദ്ധയിൽ വയ്ക്കുക. നിങ്ങൾ ഇന്ന് എണ്ണത്തിൽ വളരെകുറവായിരിക്കാം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ജീവിയ്ക്കുന്നവരായതിനാൽ പരസ്പരം കാണുന്നതിനും ഒരുമയുള്ള സമുദായമായി എപ്പോഴും നിലനില്ക്കുന്നതിനും ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരുന്നുണ്ടാകും. പക്ഷെ, നമ്മൾ പരിശ്രമിച്ചാൽ, ആത്മാർത്ഥമായി ആഗ്രഹിച്ചാൽ, തീർച്ചയായും വഴി തുറക്കപ്പെടും. അല്ലാഹുവിനുവേണ്ടി, തന്റെ സഹോദരങ്ങളെ കാണണമെന്ന് മനസ്സിലുറപ്പിച്ച്, ദിവ്യ സന്ദേശത്തിന്റെ പാഠങ്ങൾ ഒരുമിച്ച് പഠിയ്ക്കാൻ ആഗ്രഹിച്ച്, ഒരുമയുടെ സാമുദായിക മാനങ്ങൾ ആഴത്തിൽ മനസ്സിലാക്കി, സംസ്ഥാനത്തിന്റെ ഒറ്റത്തുനിന്ന്

അകലെയുള്ള മറ്റൊരു ഭാഗത്തേയ്ക്ക് പോകാൻ തയ്യാറാവുക. വിശ്വാസത്തിന്റെ കോട്ടകൾ തീർക്കുക. ബാഹ്യവും ആന്തരികവുമായ പരീക്ഷണങ്ങളെ നേരിടുക. നിങ്ങൾ അല്ലാഹുവിലേക്ക് ആത്മാർത്ഥതയോടെ തിരിയുമ്പോൾ, അവന്റെ സഹായം തേടുമ്പോൾ, തീർച്ചയായും അവൻ നിങ്ങൾക്ക് വഴികൾ തുറക്കുന്നതാണ്.

കേരളത്തിലും മറ്റു പ്രദേശങ്ങളിലുമുള്ള എന്റെ അനുചരന്മാർ എന്നോട് പറഞ്ഞിട്ടുള്ള ഒരു കാര്യം. പ്രതീക്ഷിയ്ക്കാത്ത സമയങ്ങളിൽ അല്ലാഹുവിന്റെ പ്രത്യേക സഹായം എത്തുന്ന കാര്യം ആത്മീയാനുഗ്രഹങ്ങൾ മാത്രമല്ല; ഭൗതീകാനുഗ്രഹങ്ങളും. ദൈവീക പ്രതിഭാസത്തിന്റെ ആത്മീയ പ്രപഞ്ചത്തെ സഹായിക്കാൻ കഴിയുന്ന ഭൗതീകാനുഗ്രഹങ്ങളാണ് വിവരിക്കപ്പെട്ടത്. അതുകൊണ്ട്, എനിക്ക് ഉപദേശിക്കാനുള്ളത് ഇതാണ്. നിങ്ങൾ അല്ലാഹുവിലേക്ക് തിരിയുക; ഒരുമയോടെ പ്രവർത്തിക്കു. വിശ്വാസത്തിന്റെ അടിസ്ഥാനത്തെ കാർന്നു തിന്നുന്ന സംശയങ്ങളുടെ ആക്രമണത്തിൽ നിന്ന് രക്ഷനേടുക. അതുകൊണ്ട് സ്നേഹപൂർവ്വം എനിക്ക് ഉപദേശിക്കാനുള്ളത് ഇതാണ്. ഒരുമിച്ച് നില്ക്കുക ; അല്ലാഹുവിലേക്ക് തിരിയുക. സത്യവിശ്വാസികളുടെ മനസ്സുകളേയും ഹൃദയങ്ങളേയും ആക്രമിച്ച് ശല്യപ്പെടുത്താൻ ശെയ്ത്താൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിയ്ക്കുന്നു. ശെയ്ത്താനും അവന്റെ കൂട്ടാളികളും അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും മാർഗ്ഗത്തിൽ നിന്ന് വിശ്വാസികളെ വഴി തെറ്റിക്കുവാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു.

നമ്മെ സംബന്ധിച്ചിടത്തോളം, നമ്മൾ തീർച്ചയായും ഭാഗ്യവന്മാരാണ്. അല്ലാഹു (ത) നമ്മെ തെരഞ്ഞെടുത്തിരിക്കുന്നു. അവന്റെ ജമാഅത്തിൽ പ്രവേശിപ്പിച്ച്, കാരുണ്യ കടാക്ഷത്തിൽ ആക്കിയിരിക്കുന്നു. അവന്റെ സന്ദേശം പ്രചരിപ്പിക്കാനായ് നമ്മെ തെരഞ്ഞെടുത്തിരിയ്ക്കുന്നു. നിങ്ങൾ ഓരോരുത്തരും, അല്ലാഹുവിന്റെ കടാക്ഷത്തിൻ കീഴിൽ, ഇസ്ലാമിലെ ഓരോ ചെറിയ പരിഷ്കർത്താക്കളാണ്, ഖലീഫത്തുല്ലായുടെ മാർഗ്ഗദർശനത്തിന്നിടയിൽ.

ഹസ്രത്ത് മസീഹ്മൗഊദ് മിർസാഗുലാം അഹ്മദ് (അ) ആദ്യത്തെ **'ജൽസാസലാന'** ആരംഭിച്ചത്. ദൈവീക പ്രതിഭാസത്തിൻ കീഴിൽ അണിനിരന്ന വിശ്വാസികളെ ഒരുമിച്ചു കൂട്ടുന്നതിനും അതിലൂടെ മസീഹ് (അ) ന്റെ ഉപദേശങ്ങൾ അവർ ഒരുമിച്ച് കേട്ട് മനസ്സിലാക്കുന്നതിനും, വാഗ്ദത്ത മസീഹ് (അ) ന്റെ കാലശേഷവും ഇസ്ലാമിക മൂല്യങ്ങളിൽ അടിയുറച്ച് നിൽക്കുന്നതിനും വേണ്ടിയാണ്. അല്ലാഹുവിനോടുള്ള അനുസരണത്തിൽ സംതൃപ്തി കണ്ടെത്താൻ പഠിക്കുന്നതിനും വേണ്ടിയാണ്.

എന്റെ പ്രിയപ്പെട്ടവരേ ! ആത്മാർത്ഥതയുള്ളവരേ ! ഒരുപാട് പരീക്ഷണങ്ങളെ നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവരും. ഇക്കാലത്തെ ഖലീഫത്തുല്ലായിൽ വിശ്വസിക്കുന്നവരാണ് എന്ന തോന്നൽ നല്കി നിങ്ങൾക്കിടയിൽ പലരും വന്നുചേരും. നിങ്ങൾ തെറ്റായ വഴിയിൽ സഞ്ചരിച്ച് വിശ്വാസത്തെ അവഗണിയ്ക്കണം എന്നാണ് അവർ ഉദ്ദേശിക്കുന്നത്. സ്ഥിര ചിത്തരായി നില്ക്കുന്നവർക്ക് സന്തോഷ വാർത്ത, അവരുടെ ചോദ്യങ്ങളും, മുറുമുറുപ്പുകളും ഒരു വശത്തേക്ക് വലിച്ചെറിയുക, അല്ലാഹുവിന്റെ ശക്തമായ കല്പനയെ മുറുകെപ്പിടിക്കുക. അതായത് **"അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക"** ഇതിനുശേഷം ഖലീഫത്തുല്ലാഹ്യുടെ മിത്രങ്ങൾ അവരായിരിക്കും. ഇൻശാ അല്ലാഹ്.

ഓർക്കുക ! വർഷങ്ങൾക്കുമുമ്പ് അല്ലാഹു എന്നെ ഒരു ജമാഅത്തുമായി ഉയർത്തുകയുണ്ടായി- ജമാഅത്ത് അഹ്മദിയ്യാ അൽ മുസ്ലീമിൻ- അവരുടെ യഥാർത്ഥ വിശ്വാസം പരീക്ഷിക്കുന്നതിനായി അവരെ എല്ലാവരെയും അല്ലാഹു പരീക്ഷണ വിധേയമാക്കി. അവരുടെ നാവിൽ നിന്നും വരുന്നത് അവരുടെ ഹൃദയത്തിലുണ്ടോ എന്നറിയുന്നതിനായി. ആരംഭത്തിൽ എല്ലാം ഭംഗിയായി നടന്നു. പരീക്ഷണം അരങ്ങേറിയപ്പോൾ ശത്രുക്കൾ പല പദ്ധതികളുമായി രംഗത്തു വന്നപ്പോൾ നാശം അവരെ കീഴടക്കി. ദൈവീക ദൃഷ്ടാന്തം അവർക്ക് ഒരു വിലയുമില്ലാത്ത ഒരു സാധാരണ സംഭവമായി മാറി;

അതെ, കപടവിശ്വാസികൾ വിശ്വാസികളെപോലെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. എന്നാൽ അവർ പറയുന്നത് ഹൃദയം വെറുപ്പോടെയാണ് കാണുന്നത്. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ദൃഷ്ടാന്തങ്ങളെയും അടയാളങ്ങളെയും അവർ വെറുപ്പോടെ കാണുന്നു. കാരണം പ്രധാനമായും അവരുടെ ജീവിതത്തിന് മാറ്റം വരുത്തണം; അവർ കഠിനമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അധ്വാനിക്കേണ്ടി വരുന്നു. അവരുടെ അടുത്ത ആളുകൾ അവരെ അവഗണിക്കുന്നു. അവരെ ബഹിഷ്ക്കരിക്കുന്നു. ഈ ലോകം എന്നെന്നും നിലനില്ക്കുന്നതുപോലെയാണ് അവർ കരുതുന്നത്. ഒരു ദിവസം ഇത് വിട്ട് പോകേണ്ടതാണ് എന്ന് ചിന്തയില്ല. അല്ലാഹുവിലും അവന്റെ ദൂതനിലും അവർ പഴിചാരുന്നു. നാമാണ് ഇത്തരം ഒരു സാഹചര്യം സൃഷ്ടി

ച്ചത്! ദൈവീക ദൃഷ്ടാന്തത്തിലൂടെയാണ് ഈ നിയന്ത്രണമെല്ലാം ഉണ്ടായതെന്ന് അവർ കരുതുന്നു. എന്നാൽ യഥാർത്ഥ വിശ്വാസികൾ ഇങ്ങനെ കരുതുന്നവരല്ല.

എന്നാൽ യഥാർത്ഥ വിശ്വാസികൾ അല്ലാഹുവിന്റെ ആത്മീയ മണ്ഡലത്തിലെ ദൃഷ്ടാന്തങ്ങളെയും അടയാളങ്ങളെയും സമ്പൂർണ്ണമായി കാണുന്നു. ഈ താത്ക്കാലിക ലോകങ്ങളിലെ സന്തോഷങ്ങളെ വിച്ഛേദിക്കുന്നത് അവർ സന്തോഷമായി സ്വാഗതം ചെയ്യുന്നു. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും മാർഗ്ഗത്തിൽ കഠിനമായി യത്നിക്കുന്നു. പരിപൂർണ്ണ വിജയത്തിനായി. അവരാണ് സ്വർഗ്ഗത്തിലെ മുത്തുകൾ. വിധിനാളിൽ ലക്ഷം പ്രകാശനാളങ്ങളെക്കാൾ അധികം അവർ പ്രശോഭിക്കുന്നതാണ്. അവരുടെ വിശ്വാസ പ്രകാശം, പ്രകാശിക്കുകയും ആയത് അല്ലാഹുവിന്റെ തൃപ്തിയുടെ മണ്ഡലത്തിൽ പ്രവേശിക്കുന്നതുമാണ്. പ്രകൃതിപരമായി മനുഷ്യർ ദുർബലരാണ്. ഇതൊരു സത്യവുമാണ്. എന്നാൽ വിശ്വാസികൾ പിശാചിനെയും പൈശാചിക ചിന്തകളെയും തള്ളിമാറ്റി അവരുടെ മണ്ഡലത്തിൽ നിന്ന് പ്രവർത്തിക്കുന്നു ; എന്നിട്ട് അവർ, അവരുടെ ശരീരത്തിലും, മനസ്സിലും ഹൃദയത്തിലും അല്ലാഹുവിന്റെ സാമ്രാജ്യം സ്ഥാപിക്കുവാനായി, അല്ലാഹുവിനെ ക്ഷണിക്കുന്നു. അവരുടെ നാവുകൾ എപ്പോഴും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കും. അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കും ; അവന്റെ സഹായവും മാർഗ്ഗദർശനവും അർത്ഥിച്ചുകൊണ്ടിരിക്കും. അവർ മറ്റുള്ളവർക്ക് ഒരു ഉപദ്രവവും ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നവരല്ല. അതെ ! അവർ ഇഷ്ടപ്പെടുന്നവരാണ് ! വിശുദ്ധഖുർആൻ വ്യക്തമായും പറയുന്നു; പ്രത്യേകിച്ച് ഒരു ദൂതന്റെ ആഗമന സമയത്ത്, **“അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും പാരത്രീക ലോകത്തെയും മറ്റെന്തിനേക്കാളും ഉപരിയായി ഇഷ്ടപ്പെട്ടുന്നവരാണ്.”.** മാതാപിതാക്കളും, സഹോദരങ്ങളും, രക്തബന്ധുക്കളും ദൈവീക ദൃഷ്ടാന്തത്തിന്റെ കഠിന ശത്രുക്കളായാൽ അവരെ ഉപേക്ഷിക്കുന്നതിൽ ഒരു മടിയും കാണിക്കുന്നവരല്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ വിജയത്തിലേക്ക് മുന്നോട്ട് കുതിക്കുന്നവരാണ്. അവർ അല്ലാഹുവിനും അവന്റെ ദൂതനും, ദൈവമാർഗ്ഗത്തിലുള്ള അധ്വാനത്തിനും മുൻഗണന നല്കിയവരാണ്. അവർക്ക് ലഭ്യമാകുന്ന വിജയം അവർ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും നിർദ്ദേശങ്ങൾ ശ്രദ്ധിക്കുകയും അതനുസരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായാണ്. അവർ മനുഷ്യരെ ഭയപ്പെടുന്നവരല്ല. അവരുടെ ഹൃദയങ്ങൾ അല്ലാഹുവിനെക്കുറിച്ചുള്ള ഭയത്താൽ നിനഞ്ഞതായിരിക്കും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സഹായിക്കുവാൻ അവർ സദാ തല്പരായിരിക്കും. അവരുടെ കഴിവുകൾ ഏതു തരത്തിലാണോ ആ തരത്തിൽ ! ദൈവീക സത്യം അസത്യത്തിനു മേൽ വിജയിക്കുന്നതിനുവേണ്ടി !

എന്റെ പ്രിയരെ ! പ്രയാസങ്ങളുടെ ഗിരിശൃംഗങ്ങൾ കണ്ട് നിങ്ങൾ വിഷമിക്കേണ്ടതില്ല. എല്ലാ ഓരോ പ്രയാസത്തിനും ശേഷം ഓരോ എളുപ്പവഴി ഉണ്ടാകുന്നതാണ്. നിങ്ങൾ വളരെ കുറച്ചു പേരെ ഉള്ളായിരിക്കാം ! എന്നാൽ അല്ലാഹു നോക്കുന്നത് നിങ്ങളുടെ എണ്ണത്തിലല്ല ഗുണങ്ങളിലേക്കാണ് ! വിശ്വാസത്തിലേക്കാണ്, നിങ്ങളെ വഴി തെറ്റിക്കാൻ അനേകർ നിങ്ങളുടെ അടുത്തു വരാം ; അഥവാ അല്ലാന്റെ ജമാ അത്തിൽ പ്രവേശിക്കുന്നതിനു തന്നെ വരാം. ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിൽ നിന്നുകൊണ്ട് നമ്മെ ഉപദ്രവിക്കുവാനായി. എന്നാൽ ഈ ദുർവൃത്തരെക്കുറിച്ച് അല്ലാഹുവിന് നന്നായി അറിയാം. അല്ലാഹു താൻ തന്നെ അവന്റെ അമൂല്യമായ ജമാ അത്തിൽ നിന്നും അവരെ നിഷ്ക്കാസനം ചെയ്യുന്നതാണ് ! അല്ലാഹു (ത) നിങ്ങളെയും പരീക്ഷിച്ചുകൊണ്ടിരിക്കുന്നതാണ്. അല്ലാഹുവിന്റെ സഹായത്തെ തൊട്ടും അനുഗ്രഹത്തെ തൊട്ടും നിങ്ങൾ ഒരിക്കലും നിരാശരാകരുത് ! അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനമായി യത്നിക്കുക; ശുദ്ധ ഹൃദയത്തോടെ, ഹൃദയ നൈർമല്യത്തോടെ ! ദീനീ ജോലികൾ പരമാവധി ചെയ്യുക ! അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ദൈവ മാർഗ്ഗത്തിൽ അത്ഭുതകരമായ പ്രവർത്തനങ്ങളാണ് നിങ്ങൾ ചെയ്യുന്നത് !

നിങ്ങളറിയണം ! ഇത് എനിക്കു വേണ്ടിയല്ല, നിങ്ങൾ ഈ പ്രവർത്തനങ്ങൾ ചെയ്യുന്നത്. നിങ്ങൾ ഈ പ്രവർത്തികൾ ചെയ്യുന്നത് അല്ലാഹു (ത) വിനുവേണ്ടിയാണ്. ഇതിനുള്ള പ്രതിഫലം നല്കുന്നതും അല്ലാഹു (ത) തന്നെയാണ് ! നിശ്ചയം ! ഓരോ ദിവസവും അല്ലാഹു (ത) നമ്മുടെ പൊതുവായ ലക്ഷ്യം കാണിച്ചുകൊണ്ടിരിക്കുകയാണ്. ഇൻശാ അല്ലാഹ് ! ഈ ജമാ അത്ത് ദശലക്ഷങ്ങൾ ആയി തീരുന്ന ദിനം വരുകതന്നെ ചെയ്യും. എന്നാൽ എന്റെ പ്രിയരെ ! അല്ലാഹുവിലും, അവന്റെ പ്രവാചകന്മാരിലും, അവന്റെ ഗ്രന്ഥങ്ങളിലും, മാലാഖമാരിലും യഥാർത്ഥ വിശ്വാസമില്ലാത്ത ദശലക്ഷങ്ങളിൽ എന്തർത്ഥമാണുള്ളത് ? അല്ലാഹുവിലുള്ള യഥാർത്ഥ അനുസരണം, അല്ലാഹുവിന്റെ അധ്യാപനങ്ങളിലുള്ള യഥാർത്ഥ അനുസരണം അവർ പുലർത്തുന്നില്ലെങ്കിൽ !

ഇസ്ലാമിന്റെ യഥാർത്ഥ സത്തയ്ക്ക് എതിരായിട്ടുള്ള ദശലക്ഷങ്ങളിൽ യാതൊരർത്ഥവുമില്ല ! നിശ്ചയം!

അല്ലാഹു (ത) അവന്റെ ജമാഅത്തിനെ അവഗണിക്കുകയില്ല. അവന്റെ ഖലീഫയുടെ മാന്യത അവൻ നില നിർത്തുക തന്നെ ചെയ്യും! ഈ വിനീതൻ എന്നും ജീവിച്ചിരിക്കും. നാളെ ഉണ്ടെങ്കിൽ, ഒരു പുതിയ നൂറ്റാണ്ടിന്റെ ഉദയം സംഭവിക്കുമെങ്കിൽ, ദശലക്ഷങ്ങൾ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള പ്രവർത്തനം / സേവനം അവസാനിപ്പിക്കുകയാണെങ്കിൽ, അവർ മാനവകുലത്തിനെ അല്ലാഹുവിനുവേണ്ടി സാഹോദര്യത്തിൻ കുടക്കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുന്നില്ലെങ്കിൽ, അപ്പോൾ അല്ലാഹു തന്റെ പ്രതിനിധിയെ ഉയർത്തുകയും, താൻ തെരഞ്ഞെടുത്തവന് റൂഹുൽ ഖുദ്സുമായി, ഈ അനുഗ്രഹീത ജോലി തുടരുവാനായി നിയോഗിക്കുന്നതു മാണ്. ഇത് ഒരിക്കലും അവസാനിക്കാത്ത ചങ്ങലയാണ് കുറഞ്ഞത് വിധിനാൾ വരെ എങ്കിലും-

എന്റെ പ്രിയ സഹോദരീ സഹോദരന്മാരെ കുട്ടികളെ ! നാം ബാഹ്യമായും ആന്തരികമായും ഇസ്‌ലാമിന്റെ യഥാർത്ഥ മൂല്യങ്ങൾ പ്രകടിപ്പിക്കേണ്ടതാണ്. അങ്ങനെ നിങ്ങളുടെ എളിയ പ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമിന്റെ വിജയഫലങ്ങൾ കൊയ്തെടുക്കുവാൻ നിങ്ങൾക്ക് സാധിക്കുന്നതാണ്. ഇസ്‌ലാം മതത്തിന്റെ സമ്പൂർണ്ണത, സത്യത ഇന്നത്തെ ലോകത്തിനും നാളത്തെ ലോകത്തിനും മനസ്സിലാക്കുവാൻ ഇതു മാത്രമാണ് വഴി. ഈ താത്ക്കാലിക ലോകത്തു വന്നിട്ടുള്ള ഏറ്റവും മഹാനായ പ്രവാചകനും മനുഷ്യനും മുഹമ്മദ് മുസ്തഫ (സ) ആയിരുന്നു എന്ന് ലോകം സാക്ഷ്യപ്പെടുത്തുന്നതിനായി. അല്ലാഹുവിലേക്ക് മറ്റുള്ളവർക്ക് മാർഗ്ഗദർശനം നൽകുക എന്നതാണ് നമ്മുടെ മുമ്പിലുള്ള ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യം. കാലാരംഭം മുതൽ ദൈവീക ഉറവിടത്തിൽ നിന്നും വന്നിട്ടുള്ളതെല്ലാം അനുഗ്രഹമായി എന്നെന്നും നിലനിൽക്കുന്നതാണ് എന്ന് അവരെ ബോധ്യപ്പെടുത്തുക. അല്ലാ ഹുവിന്റെ കഴിഞ്ഞ പ്രവാചകന്മാർ അനുഗ്രഹീതരായിരുന്നു; ഇപ്പോഴുള്ളവരും അനുഗ്രഹീതരാണ്; അന്ത്യനാൾ വരെ വന്നു കൊണ്ടിരിക്കുന്നവരും അനുഗ്രഹീതരായിരിക്കും. ഇതാ നമുക്ക് വിജയദിനം സമാഗതമായിരിക്കുന്നു ! ഓരോ ദിനം കഴിയുന്തോറും അത് കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു. ദൈവീക ജലാശയ ത്തിൽ നിന്നും വന്ന ചന്ദ്ര പ്രകാശത്താൽ രാവ് തേജസ്സുള്ളതായി മാറുന്നതാണ്. നക്ഷത്രങ്ങൾ, അതായത് നിങ്ങൾ, മിന്നി പ്രകാശിക്കുന്നതാണ്, ഈ അന്ധകാരാകാശത്തിൽ ! നിങ്ങളുടെ വിശ്വാസത്തിന്റെ സത്തയാൽ ഈ പ്രപഞ്ചം നിറയുന്നതാണ് ! അന്ധകാര നിബിഢമായ രാത്രിയിൽ വഴിയറിയാതയലയുന്നവർ, നിങ്ങളെ വഴിയടയാളമായി കാണുന്നതാണ് ; മാർഗ്ഗദീപമായി കാണുന്നതാണ് ! സുരക്ഷിതമായി കൂടണയാൻ, അല്ലാഹുവിന്റെ അതിശക്ത മായ കൂടാരത്തിൽ ! ഇൻശാ അല്ലാഹ് !

കേരളത്തിലെ എന്റെ പ്രിയ ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം അനുയായികൾക്കുവേണ്ടിയുള്ള എന്റെ വിനീത പ്രാർത്ഥനയിതാണ്. അവിശ്വാസ മരുഭൂമിയിലെ പാഥേയരുടെ ദാഹശമനം വരുത്തുന്ന മരുപ്പച്ചകളായി നിങ്ങൾ മാറണം. ഈ സന്ദേശം ഇനിയും ലഭിച്ചിട്ടില്ലാത്തവർക്കുള്ള പ്രതീക്ഷാ ഗോപുരങ്ങളാണ് നിങ്ങൾ ! ആയ തിനാൽ, നിങ്ങളുടെ ജോലികൾ തുടരുക, അല്ലാഹുവിന്റെ തൃപ്തി മാത്രം പ്രതീക്ഷിച്ച് അല്ലാഹുവിന്റെ പൂർണ്ണ മായ അംഗീകാരത്തിലേക്കും അനുകമ്പയിലേക്കും നമ്മെ നയിക്കുന്ന താക്കോൽ അതിലാണ് കുടികൊള്ളുന്ന ത്. ഇൻശാ അല്ലാഹ് ! ആമീൻ.

നിങ്ങളെ എല്ലാവരെയും അല്ലാഹു അനുഗ്രഹിക്കട്ടെ ! ഈ പ്രത്യേക വാർഷിക സമ്മേളനത്തിൽ അല്ലാഹു (ത) യുടെ പ്രകാശം പ്രകടമാകട്ടെ ! മാലാഖമാർ നിങ്ങൾക്കിടയിൽ പ്രവർത്തിക്കട്ടെ ! അതിലൂടെ നിങ്ങളുടെ ഹൃദയവും, മനസ്സും, വിശ്വാസത്താലും സന്തോഷത്താലും ഉണരട്ടെ ! ദൈവീകമായ ഒരു സന്തോഷം ! ഒരു പുതു പുത്തൻ ദിനത്തിന്റെ ദൃഷ്ടാന്തം പുലരട്ടെ ! അല്ലാഹു (ത) വിനും അവന്റെ ഖലീഫയ്ക്കും, അല്ലാഹുവിന്റെ ജമാ അത്തിനും കൂടുതൽ വിജയങ്ങൾ കൊണ്ടുവരുവാൻ കഴിയട്ടെ ! അതു നേടുന്നത്, ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാമിലെ നിഷ്ക്കളങ്കരായ വിശ്വാസികളിലൂടെയുമാണ്. ആമീൻ സുമ്മആമീൻ.

**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**Fazil Jamal**

*****************